(ബി) പ്രാഥമിക പഠനങ്ങളിൽ മിനി ബസ്സുകൾ ലാഭകരമാണെന്ന് കണ്ടിട്ടുണ്ട്. കൂടുതൽ കാലയളവിലെ വിശദമായ പഠനങ്ങൾക്കു ശേഷമേ ഇക്കാര്യത്തിൽ വ്യക്തമായ ഒരു അഭിപ്രായം പറയാൻ കഴിയുകയുള്ളൂ.

(സി) കൂടുതൽ മിനി ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ്

60 [5616] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾക്ക് മുഖ്യകാരണം ബസ്സുകൾക്ക് അനിയന്ത്രിതമായി പെർമിറ്റ് നൽകുന്നതുമൂലമുള്ള സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് ഓരോ സ്ഥലത്തേയും ആവശ്യകത പരിശോധിച്ച് മാത്രം പെർമിറ്റ് നൽകുന്ന രീതി ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾക്ക് മുഖ്യ കാരണം സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടമാണെന്ന് കരുതുന്നില്ല. എന്നാൽ മത്സര ഓട്ടവും കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസ്സുകൾക്ക് നിലവിലുള്ള മോട്ടോർ വാഹന നിയമപ്രകാരം പെർമിറ്റ് നൽകുന്നത് നിയന്ത്രിക്കുവാൻ കഴിയില്ല. ബസ്സുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുന്നതിനും അപകടം കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന നടപടി

61 [5617] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് യഥേഷ്ടം സർവ്വീസ് പെർമിറ്റ് നൽകുകവഴി ഈ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അവസ്ഥ ശോചനീയമായി വരികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതി പരിഹരിക്കുന്നതിന് നികുതി ഇളവ് അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നികുതിയിളവ് നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly